പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 419 **13-10-2026-ൽ മറുപടിയ്ക്ക്**

നിലമ്പൂർ പോലീസ് ഡിവിഷനിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ പോലീസ് ഡിവിഷനിൽ മാത്രം ട്രാഫിക് പോലീസ് സ്റ്റേഷൻ സംവിധാനം നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 14.07.2018 തീയതിയിലെ സ.ഉ. (കൈ) നം.116/2018/ആഭ്യന്തരം പ്രകാരം ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ട്രാഫിക പോലീസ് സ്റ്റേഷനുകളിൽ നിന്നും ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റുകയും, ട്രാഫിക് പോലീസ് സ്റ്റേഷനുകളെയും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി പുനർനാമകരണം ചെയ്തിട്ടുമുണ്ട്.

നിലമ്പൂരിൽ പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിന് പോലീസ് ആസ്ഥാനത്തു നിന്നും ലഭ്യമായ പ്രൊപ്പോസലിൽ, നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നും, എന്നാൽ നിലമ്പൂരിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നത് അനിവാര്യമാണെന്ന് ബോധ്യമുള്ള പക്ഷം ഇക്കാര്യം സംബന്ധിച്ച് വ്യക്തമായ അഭിപ്രായവും ഇതിലേയ്ക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയും വ്യക്തമാക്കിക്കൊണ്ടുള്ള ശിപാർശ സമർപ്പിക്കണമെന്നും സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ